# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3397** — **29.1.2014-ൽ മറുപടിക്ക്**

## ഗ്രാമീണ ശുചിത്വ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. പി. ജയരാജൻ<br>,, എളമരം കരീം<br>,, എ. കെ. ബാലൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| എ) | ഗ്രാമീണ ശുചിത്വ മേഖലയിൽ സുസ്ഥിരവും സമയബന്ധിതവുമായ പരിപാടിയുണ്ടോ; എങ്കിൽ പരിപാടി നടപ്പാക്കേണ്ട ശുചിത്വമിഷൻ പ്രാപ്തമായ നിലയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന പ്രത്യവലോകനം നടത്തിയിട്ടുണ്ടോ ;<br>വിശദമാക്കാമോ ; | എ) | ഉണ്ട്. നിർമ്മൽ ഭാരത് അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത പരിപാടിയുടെ സഹായവും സംസ്ഥാന പ്ലാൻ ഫണ്ടും ഇക്കാര്യത്തിലേയ്ക്ക് പ്രയോജനപ്പെടുത്തി വരുന്നു. ഈ പരിപാടികൾ നടപ്പാക്കേണ്ട ശുചിത്വമിഷൻ പ്രാപ്തമായ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് ശുചിത്വവുമായി ബന്ധപ്പെട്ട പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ശുചിത്വ മിഷന്റെ ഭാഗത്തുനിന്നും ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങളാണ് ഇതിനായി നൽകി വരുന്നത്. |
| ബി) | എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും വീടുകളിൽ കക്കൂസുകൾ നൽകാൻ സാദ്ധ്യമായിട്ടുണ്ടോ; ലക്ഷ്യവും നേട്ടവും വിശദമാക്കുമോ; | ബി) | 2011 ലെ സെൻസസ് കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെയുള്ള 40,95,674 ഗ്രാമീണ കുടുംബങ്ങളിൽ 38,18,327 വീടുകളിൽ കക്കൂസ് ലഭ്യമാണ്. കക്കൂസ് സൗകര്യമില്ലാത്ത കുടുംബങ്ങളിലെ സ്ഥലലഭ്യതയുള്ള വീടുകളിൽ കക്കൂസ് പണിയുന്നതിനുള്ള നടപടികൾ നിർമ്മൽ ഭാരത് അഭിയാൻ പദ്ധതി മുഖാന്തിരം എടുത്തുവരുന്നു. |
| സി) | ഐ. എച്ച്. എച്ച്. എൽ. (ഇൻഡിവിഡ്യുവൽ ഹൗസ്ഹോൾഡ് ലാട്രിൻ) നിർമ്മാണത്തിനായുള്ള ധനസഹായം ലഭിക്കാൻ അർഹതയുള്ള എല്ലാ ബി.പി.എൽ കുടുംബങ്ങളേയും ഇത് സംബന്ധമായ സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; ഇത് പൂർത്തിയാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; | സി) | ഐ.എച്ച്.എച്ച്.എൽ നിർമ്മാണത്തിനായുള്ള ധനസഹായം ലഭിക്കാൻ അർഹതയുള്ള എല്ലാ ബി.പി.എൽ കുടുംബങ്ങളേയും ഇത് സംബന്ധമായ സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. |
| ഡി) | സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ നടത്തിപ്പിൽ ഉണ്ടായ പോരായ്മകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | സമ്പൂർണ്ണ ശുചിത്വ പരിപാടി (നിലവിൽ നിർമ്മൽ ഭാരത് അഭിയാൻ)യുടെ ഭാഗമായി ശുചിത്വ സൗകര്യങ്ങളിൽ പൂർണ്ണത സൃഷ്ടിക്കുന്നതിലേയ്ക്ക് പ്രസ്തുത പദ്ധതി പുതുക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ആയതിന് ദേശീയ സ്കീം സാങ്ഷനിംഗ് കമ്മറ്റിയുടെ അംഗീകാരവും ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ